# നാശത്തിലേക്ക് നയിക്കുന്ന സുഖലോലുപത

സഫാ അബ്ദുർറഹ്മാൻ

عَنْ مُعَاذِبْن جبَل رضى الله عنه أَنَّ رَسُولَ الله ﷺ: لَمَّا بَعَثَ بِهِ إِلَى الْيَمَنِ قَال لَهُ إِيَّاكَ وَالتَّنعم فَإِنَّ عِبَاد الله لَيْسُوا بِالْمُتَنَعِّمِين

**മുആദുബ്നു ജബലി(റ)ൽനിന്ന് നിവേദനം: നബി(സ) അദ്ദേഹത്തെ യമനിലേക്ക് അയക്കുമ്പോൾ ഇപ്രകാരം ഉപദേശിച്ചു: "താങ്കൾ സുഖലോലുപതയെ സൂക്ഷിക്കണം. എന്തെന്നാൽ ദൈവ ദാസന്മാർ സുഖലോലുപരാവില്ല"** (അഹ്മദ്).

അക്കാലത്തെ സാമ്പത്തിക ഭദ്രതയുള്ള രാജ്യമായിരുന്നു യമൻ. ആ രാജ്യത്തിന്റെ ഭരണാധികാരം മുആദി(റ)ന് കൈമാറുമ്പോൾ നബി(സ) നൽകിയ ഉപദേശമാണിത്. ലൗകിക ജീവിതത്തിന്റെ അവസ്ഥയും സ്വഭാവവും ചിത്രീകരിച്ചുകൊണ്ട് ആ യാഥാർഥ്യം ഉൾക്കൊണ്ട് ജീവിക്കാൻ ഉപദേശിക്കുകയാണ് ഹ്രസ്വമായ വാക്കുകളിലൂടെ നബി(സ).

പരലോക ജീവിതത്തിനും അതിലെ അനുഗ്രഹങ്ങൾക്കും പകരം ഐഹിക ജീവിതത്തിനും അതിലെ സുഖഭോഗങ്ങൾക്കും മുൻഗണന നൽകുക എന്നതാണ് ഐഹിക ഭ്രമം കൊണ്ട് അർഥമാക്കുന്നത്. ഇത് വിശ്വാസികളുടെ ലക്ഷ്യബോധം നഷ്ടപ്പെടുത്തുകയും അവരെ ദൈവഭയമില്ലാത്തവരാക്കുകയും ചെയ്യും.

ഭൗതിക ജീവിതം ഒരു പ്രയാണമാണ്. പരലോക യാത്രക്കുള്ള പാഥേയമൊരുക്കുകയാണ് ഈ പ്രയാണത്തിന്റെ ലക്ഷ്യം. പുതിയ കാലത്തെ വ്യവസായ ലോകത്തിന്റെ വിപണന തന്ത്രം തിരിച്ചറിഞ്ഞ് പ്രലോഭനങ്ങളെ നിരാകരിക്കാൻ നാം തയാറാവണം. സ്വന്തം ജീവിതത്തിന്റെ മേലുള്ള നിയന്ത്രണം ഐഹികഭ്രമങ്ങൾക്ക് വിട്ടുകൊടുക്കാതിരിക്കാനുള്ള ഇഛാശക്തി നേടുകയും വേണം. എങ്കിൽ മാത്രമേ ഭൗതികതയുടെ പ്രളയത്തിൽ വ്യക്തിത്വം നഷ്ടപ്പെടാതെ നിലനിൽക്കാൻ നമുക്ക് കഴിയുകയുള്ളൂ.

റസൂൽ(സ) പറഞ്ഞു: "ദാരിദ്ര്യത്തെക്കാൾ ഞാൻ ഭയപ്പെടുന്നത് സമ്പത്തിനെയാണ്. കാരണം, സമ്പത്ത് കൈവന്നാൽ ആളുകൾ അല്ലാഹുവിനെ മറക്കും." ഇതിനർഥം, ജീവിതം സുഖപ്രദമാക്കുന്നതും വിഭവങ്ങൾ സമാഹരിക്കുന്നതും നിക്ഷിദ്ധമാണ് എന്നല്ല. സുഖാഢംബരങ്ങളിൽ ആണ്ടുപോവുന്നതാണ് ഇസ്‌ലാം നിഷിദ്ധമാക്കിയിട്ടുള്ളത്. 'ജീവിത വിജയത്തിന്റെ താക്കോൽ' സമ്പത്താണെന്നത് അർഥശൂന്യമായ ധാരണയാണ്.

ഭൗതിക ജീവിതത്തിന്റെ സുഖസൗകര്യങ്ങളിലും നേട്ടങ്ങളിലും മതിമറന്ന് പോകുന്നത് ഭയാനകമായ ഒരു ദിവസത്തെ അഭിമുഖീകരിക്കേണ്ടിവരുമെന്നുള്ള കാര്യം മറന്നുപോയതിനാലാണ്. അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ പ്രയോജനപ്പെടുത്തിയത് അവൻ തൃപ്തിപ്പെടുന്ന രീതിയിൽ തന്നെയാണോ എന്ന് ഒരുനാൾ അവൻ നമ്മോട് ചോദിക്കുകതന്നെ ചെയ്യും. ഈ യാഥാർഥ്യം മറന്നുപോയാൽ നാം മറക്കുന്നത് ശാശ്വതമായ ജീവിതത്തെയും അതിന്റെ വിജയത്തെയുമാണ്. ഇങ്ങനെ തന്റെ സ്രഷ്ടാവിനെ വിസ്മരിച്ചു തള്ളിയവരെ അന്ത്യദിനത്തിൽ അല്ലാഹുവും വിസ്മരിച്ചുതള്ളും. അല്ലാഹു ഒരാളെ വിസ്മരിക്കുക എന്നാൽ നരകത്തിലേക്ക് തള്ളുക എന്നാണർഥം. ■